# വിശ്വാസത്തിന്റെ വാതിൽ

## അപ്പസ്തോലിക ലേഖനം

### ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ വിശ്വാസവർഷാചരണം സംബന്ധിച്ച് എഴുതിയത്

1. "വിശ്വാസത്തിന്റെ വാതിൽ" (അപ്പ 14,27) നമ്മുടെ മുമ്പിൽ എപ്പോഴും തുറന്നു കിടക്കുന്നു. അതു നമ്മെ ദൈവവുമായുള്ള സംസർഗത്തിലേക്കു കൂട്ടിക്കൊണ്ടു പോകുന്നു. സഭയിലേക്കു പ്രവേശനം നല്കുന്നു. ദൈവവചനം പ്രഘോഷിക്കപ്പെടുകയും പരിവർത്തനപ്പെടുത്തുന്ന കൃപാവരത്താൽ രൂപീകൃതമാകാൻ ഹൃദയം സ്വയം അനുവദിക്കുകയും ചെയ്യുമ്പോൾ ആ പടിവാതിൽ കടന്നുപോകാൻ സാധിക്കും. ആ വാതിലിലൂടെ പ്രവേശിക്കുകയെന്നത്, ജീവിതകാലം മുഴുവൻ നിലനില്ക്കുന്ന ഒരു യാത്ര പുറപ്പെടുകയെന്നതാണ്. അത് മാമ്മോദീസയോടെ തുടങ്ങുന്നു (cf റോമാ 6,4). ദൈവത്തെ പിതാവെന്നു വിളിക്കാൻ മാമ്മോദീസവഴി നമുക്കു സാധിക്കും. ആ യാത്ര മരണത്തിലൂടെ നിത്യജീവിതത്തിലേക്കു പ്രവേശിക്കുന്നതോടെ അവസാനിക്കും. പരിശുദ്ധാത്മാവിനെ ദാനം ചെയ്തുകൊണ്ട് തന്നിൽ വിശ്വസിക്കുന്നവരെ തന്നിലേക്ക് ആകർഷിക്കണമെന്നു നിശ്ചയിച്ച കർത്താവായ യേശുക്രിസ്തുവിന്റെ ഉത്ഥാനത്തിന്റെ ഫലമാണ് നിത്യജീവൻ (cf യോഹ 17,22). പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വത്തിലുള്ള വിശ്വാസം ഏറ്റുപറയുകയെന്നതിന്റെ അർത്ഥം സ്നേഹമാകുന്ന ഏകദൈവത്തിൽ വിശ്വസിക്കുകയെന്നതാണ് (cf 1 യോഹ 4,8). സമയത്തിന്റെ പൂർണത യിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്റെ പുത്രനെ അയച്ച പിതാവിലും തന്റെ മരണത്തിന്റെയും ഉത്ഥാനത്തി ന്റെയും രഹസ്യത്തിലൂടെ ലോകത്തെ രക്ഷിച്ച പുത്രനിലും നാം കർത്താവിന്റെ മഹത്ത്വപൂർണമായ തിരിച്ചുവരവു കാത്തിരിക്കുമ്പോൾ നൂറ്റാണ്ടുകളിലൂടെ സഭയെ നയിക്കുന്ന പരിശുദ്ധാത്മാവിലുള്ള വിശ്വാ സമാണതു വ്യക്തമാക്കുന്നത്.

2. പത്രോസിന്റെ പിൻഗാമിയെന്ന നിലയിലുള്ള ശുശ്രൂഷ തുടങ്ങിയപ്പോൾ മുതൽ വിശ്വാസയാത്രയെ വീണ്ടും കണ്ടെത്തുക ആവശ്യമാണെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. യേശുക്രിസ്തുവുമായുള്ള കണ്ടുമുട്ടലിന്റെ സന്തോഷ ത്തിൻമേലും നവീകൃതാവേശത്തിൻമേലും പൂർവാധികം വ്യക്തമായ വെളിച്ചം വീശാൻവേണ്ടിയാണത്. എന്റെ പൊന്തിഫിക്കേറ്റിന്റെ ഉദ്ഘാടനത്തിൽ നടന്ന ദിവ്യബലിയിലെ പ്രഭാഷണത്തിൽ ഞാൻ ഇങ്ങനെ പറഞ്ഞു: മുഴുവൻ സഭയും സഭയുടെ എല്ലാ അജപാലകരും ക്രിസ്തുവിനെപ്പോലെ, ജനത്തെ മരുഭൂമിയിൽ നിന്ന് ജീവന്റെ സ്ഥലത്തേക്കു നയിക്കാൻ പുറപ്പെടണം. ദൈവപുത്രനുമായുള്ള സൗഹൃദത്തിലേക്ക്, ജീവൻ നല്കു ന്നവനിലേക്ക്, ജീവൻ സമൃദ്ധമായി നല്കുന്നവനിലേക്ക് നയിക്കാൻ പുറപ്പെടണം.[1] എന്നാൽ, ക്രൈസ്തവർ തങ്ങളുടെ സമർപ്പണത്തിന്റെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ അനന്തരഫലങ്ങളിലാണ് ഇന്ന് കൂടുതൽ ശ്രദ്ധാലുക്കളായിരിക്കുന്നത്. സമൂഹജീവിതത്തിനുള്ള പ്രത്യക്ഷസങ്കല്പമായി വിശ്വാസം തുടർന്നും കരുതിപ്പോരുന്നുണ്ട്. യഥാർത്ഥത്തിൽ ഈ മുൻസങ്കല്പം അംഗീകരിക്കാനാവില്ലെന്നു മാത്രമല്ല, അതു നിഷേധിക്കപ്പെടുകയും ചെയ്യുന്നു.[2] കഴിഞ്ഞകാലങ്ങളിൽ ഒറ്റ സാംസ്കാരിക മൂശ കണ്ടെത്തുക സാധ്യ മായിരുന്നു. വിശ്വാസത്തിന്റെ ഉള്ളടക്കത്തെയും വിശ്വാസം പ്രചോദിപ്പിക്കുന്ന മൂല്യങ്ങളെയും അതു പൊതുവേ അംഗീകരിച്ചിരുന്നു. ഇന്ന് സമൂഹത്തിന്റെ വലിയ ഭാഗങ്ങളിൽ അങ്ങനെ സംഭവിക്കുന്നില്ല. അനേകരെ ബാധി ച്ചിരിക്കുന്ന അഗാധമായ വിശ്വാസപ്രതിസന്ധിയാണ് അതിന്റെ കാരണം.

3. ഉപ്പിന് ഉറയില്ലാതാവുകയെന്നതും വിളക്ക് മറച്ചുവയ്ക്കുകയെന്നതും നമുക്ക് അംഗീകരിക്കാനാവുകയില്ല (cf. മത്താ 5, 13-16). ക്രിസ്തുവിനെ ശ്രവിക്കാൻ സമറായക്കാരിയെപ്പോലെ കിണറിന്റെയടുത്തേക്കു പോക ണമെന്ന ആവശ്യം ഇന്നത്തെ ആളുകൾക്കും അനുഭവപ്പെടാവുന്നതാണ്. തന്നിൽ വിശ്വസിക്കാൻ യേശു ക്ഷണിക്കുന്നു. തന്നിലുള്ള ജീവജലത്തിന്റെ ഉറവയിൽ നിന്നു പുറപ്പെടുന്ന ജീവജലം ശേഖരിക്കാൻ ക്ഷണി ക്കുന്നു (cf. യോഹ 4,14). സഭ വിശ്വസ്തതയോടെ കൈമാറിത്തരുന്ന ദൈവവചനവും ക്രിസ്തു തന്റെ ശിഷ്യർക്ക് ജീവസന്ധാരണത്തിനായി നല്കിയ ജീവന്റെ അപ്പവും ഭക്ഷിക്കാനുള്ള (cf. യോഹ 6,51) ഒരു അഭി രുചി നാം വീണ്ടും കണ്ടെത്തണം. യഥാർത്ഥത്തിൽ ക്രിസ്തുവിന്റെ പ്രബോധനം അക്കാലത്തുണ്ടായിരുന്ന അതേ ശക്തിയോടെ ഇന്നും പ്രതിധ്വനിക്കുന്നുണ്ട്: "നശ്വരമായ അപ്പത്തിനു വേണ്ടി അധ്വാനിക്കാതെ മനു ഷ്യപുത്രൻ തരുന്ന നിത്യജീവന്റെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ "(യോഹ 6,27). യേശു വിന്റെ ശ്രോതാക്കൾ അവിടത്തോടു ചോദിച്ച ചോദ്യം തന്നെയാണ് നാം ഇന്നു ചോദിക്കുന്നത്: "ദൈവ ത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാകാൻ ഞങ്ങൾ എന്താണു ചെയ്യേണ്ടത്" (യോഹ 6,28). യേശു പറഞ്ഞ

മറുപടി നമുക്കറിയാം: "ഇതാണു ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി - അവിടന്ന് അയച്ചവനിൽ വിശ്വസിക്കുക" (യോഹ 6,29). അതുകൊണ്ട് യേശുക്രിസ്തുവിൽ വിശ്വസിക്കുകയെന്നത് രക്ഷയിൽ എത്തിച്ചേരാനുള്ള സുനിശ്ചിതമായ വഴിയാണ്.

4. ഇതിന്റെയെല്ലാം വെളിച്ചത്തിൽ ഒരു വിശ്വാസവർഷം പ്രഖ്യാപിക്കണമെന്ന് ഞാൻ തീരുമാനിച്ചു. അത് 2012 ഒക്ടോബർ 11-നു തുടങ്ങും. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരംഭിച്ചതിന്റെ അമ്പതാം വാർഷികദിനമാണന്ന്. അത് 2013 നവംബർ 24-ന് യേശുക്രിസ്തുവിന്റെ രാജത്വത്തിരുനാൾദിനം സമാപിക്കും. തുടങ്ങുന്ന തീയതി - 2012 ഒക്ടോബർ 11 - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം (CCC) പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികദിനവുമാണ്. എന്റെ മുൻഗാമി വാഴ്ത്തപ്പെട്ട ജോൺ പോൾ 2-ാമൻ, വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും വിശ്വാസികൾക്കു വ്യക്തമാക്കണമെന്ന ലക്ഷ്യത്തോടെ പ്രസിദ്ധീകരിച്ചതാണത്.[3] ആ പ്രമാണരേഖ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഒരു ആധികാരിക ഫലമാണ്. 1985-ലെ മെത്രാന്മാരുടെ അസാധാരണ സിനഡ് മതബോധനത്തിനുള്ള ഒരു ഉപകരണമെന്ന നിലയിൽ അഭ്യർത്ഥിച്ചതുമാണ്.[4] കത്തോലിക്കാസഭയിലെ എല്ലാ മെത്രാന്മാരുടെയും സഹകരണത്തോടെയാണ് അത് എഴുതിയിട്ടുള്ളത്.

കൂടാതെ, 2012 ഒക്ടോബറിൽ ഞാൻ വിളിച്ചുകൂട്ടാനിരിക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ പൊതുസമ്മേളനത്തിന്റെ പ്രമേയം "നവസുവിശേഷവത്കരണം ക്രൈസ്തവവിശ്വാസത്തിന്റെ കൈമാറ്റത്തിന്" എന്നതാണ്. വിശ്വാസത്തെക്കുറിച്ചുള്ള സവിശേഷമായ വിചിന്തനത്തിന്റെയും വീണ്ടും കണ്ടെത്തലിന്റെയും ഒരു കാലഘട്ടത്തിലേക്ക് മുഴുവൻ സഭയെയും വിളിച്ചുണർത്താനുള്ള നല്ലൊരു അവസരമായിരിക്കുമത്. ആദ്യമായിട്ടല്ല വിശ്വാസവർഷം ആചരിക്കാൻ സഭയോട് ആഹ്വാനം ചെയ്യുന്നത്. എന്റെ അഭിവന്ദ്യ മുൻഗാമി, ദൈവദാസനായ പോൾ 6-ാമൻ 1967-ൽ ഒരു വിശ്വാസവർഷാചരണം പ്രഖ്യാപിച്ചിരുന്നു. വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും രക്തസാക്ഷിത്വത്തിന്റെ, അവരുടെ പരമോന്നതസാക്ഷ്യത്തിന്റെ 19-ാം ശതാബ്ദി അനുസ്മരിക്കാനായിരുന്നു ആ വിശ്വാസവർഷം. "അതേ വിശ്വാസത്തിന്റെ യഥാർത്ഥവും ആത്മാർത്ഥവുമായ ഏറ്റുപറച്ചിൽ" നടത്താൻ മുഴുവൻ സഭയ്ക്കും ലഭിക്കുന്ന ആഘോഷപൂർവകമായ ഒരു നിമിഷമാണതെന്ന് അദ്ദേഹം കരുതി. കൂടാതെ, ആ ഏറ്റുപറച്ചിൽ "വ്യക്തിപരമായും സാമൂഹികമായും സ്വതന്ത്രമായും ബോധപൂർവകമായും ആന്തരികമായും ബാഹ്യമായും വിനയത്തോടെയും ആത്മാർത്ഥതയോടെയും"[5] സ്ഥിരീകരിക്കണമെന്നും അദ്ദേഹം ആഗ്രഹിച്ചു. അതുവഴി മുഴുവൻ സഭയും "വിശ്വാസത്തെക്കുറിച്ചുള്ള കൃത്യമായ അറിവ്" വീണ്ടും സ്വന്തമാക്കുമെന്നും വിശുദ്ധീകരിക്കുമെന്നും സ്ഥിരീകരിക്കുമെന്നും ഏറ്റുപറയുമെന്നും"[6] അദ്ദേഹം കരുതി. ആ വർഷം നടന്ന വലിയ ആഘോഷബാഹുല്യങ്ങൾ, ഇത്തരം ആഘോഷത്തിന്റെ ആവശ്യം കൂടുതൽ വ്യക്തമാക്കി. അത് "ദൈവജനത്തിന്റെ വിശ്വാസപ്രമാണ"ത്തോടെ സമാപിച്ചു[7]. എല്ലാ വിശ്വാസികളുടെയും പാരമ്പര്യം രൂപപ്പെടുത്തിയ സാരാംശപരമായ ഉള്ളടക്കം പുതുതായി സ്ഥിരീകരിക്കപ്പെടുകയും മനസ്സിലാക്കപ്പെടുകയും കണ്ടെത്തുകയും ചെയ്യുക എത്രമാത്രം ആവശ്യമാണെന്നു കാണിക്കാനായിരുന്നു അത്. കഴിഞ്ഞ കാലങ്ങളുടേതിൽ നിന്ന് ഏറെ വ്യത്യസ്തമായ ചരിത്രസാഹചര്യങ്ങളിൽ വിശ്വാസത്തിനു സ്ഥിരതയോടെ സാക്ഷ്യം വഹിക്കാൻ വേണ്ടിയാണ് അങ്ങനെയെല്ലാം ചെയ്തത്.

5. അഭിവന്ദ്യനായ എന്റെ മുൻഗാമി ആ വിശ്വാസവർഷാചരണം ഒരു വിധത്തിൽ "കൗൺസിൽ കഴിഞ്ഞുള്ള കാലഘട്ടത്തിന്റെ അനന്തരഫലവും അത്യാവശ്യവുമായി"[8] കണ്ടു. ആ കാലഘട്ടത്തിന്റെ ഗൗരവപൂർണമായ പ്രയാസങ്ങൾ, പ്രത്യേകിച്ച് ശരിയായ വിശ്വാസത്തിന്റെയും അതിന്റെ ശരിയായ വ്യാഖ്യാനത്തിന്റെയും കാര്യത്തിലുള്ള പ്രയാസങ്ങൾ, അദ്ദേഹം പൂർണമായി ഗ്രഹിച്ചിരുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ തുടക്കത്തിന്റെ അമ്പതാം വാർഷികത്തിൽ വിശ്വാസവർഷാചരണം ആരംഭിക്കണമെന്നു ഞാൻ നിശ്ചയിച്ചതിന് ഒരു കാരണമുണ്ട്. വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ പറഞ്ഞതുപോലെ, കൗൺസിൽ പിതാക്കന്മാർ നല്കിയ പ്രമാണരേഖകളുടെ "മൂല്യമോ ശോഭയോ ഒട്ടും നഷ്ടപ്പെട്ടിട്ടില്ല" എന്ന് ആളുകളെ ഗ്രഹിപ്പിക്കാൻ നല്ലൊരു അവസരം അതു നല്കുമെന്നു ഞാൻ കരുതി. "സഭയുടെ പാരമ്പര്യത്തിൽ, സഭയുടെ പ്രബോധനാധികാരത്തിന്റെ സുപ്രധാനവും നിയാമകവുമായ മാർഗരേഖകളെന്ന നിലയിൽ ആ പ്രമാണരേഖകൾ ശരിയായി വായിച്ചു മനസ്സിലാക്കണം. വ്യാപകമായി അവ അറിയപ്പെടണം. മനസ്സിൽ ധരിക്കുകയും വേണം...ഇരുപതാം നൂറ്റാണ്ടിൽ സഭയ്ക്കു നല്കപ്പെട്ട മഹത്തായ കൃപാവരമാണു വത്തിക്കാൻ കൗൺസിലെന്നു ചൂണ്ടിക്കാണിക്കാൻ പൂർവാധികം കടമ എനിക്കുണ്ടെന്നു ഞാൻ കരുതുന്നു. ഇപ്പോൾ തുടങ്ങുന്ന നമ്മുടെ നൂറ്റാണ്ടിൽ നമ്മുടെ കാര്യങ്ങൾ നടത്താനുള്ള സുനിശ്ചിതമായ മാർഗനിർദ്ദേശം അവയിൽ നാം കാണുന്നു".[9]

പത്രോസിന്റെ പിൻഗാമിയായി എന്നെ തിരഞ്ഞെടുത്ത് ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ വത്തിക്കാൻ

കൗൺസിലിനെക്കുറിച്ചു സംസാരിക്കാൻ എനിക്ക് അവസരം ലഭിച്ചു. അന്നു പറഞ്ഞത് ശക്തിയോടെ ഊന്നിപ്പറയാനും ഞാൻ ആഗ്രഹിക്കുന്നു: "ശരിയായ ഒരു വ്യാഖ്യാനശാസ്ത്രമനുസരിച്ച് അതിനെ വ്യാഖ്യാനിക്കുകയും അതു നടപ്പിലാക്കുകയും ചെയ്യണം. അങ്ങനെ ചെയ്താൽ പൂർവാധികം അത്യാവശ്യമായിരിക്കുന്ന സഭയുടെ നവീകരണത്തിന് അത് വർദ്ധമാനമായ തോതിൽ ശക്തിയുള്ളതാണ്, ശക്തിയുള്ളതായിത്തീരുകയും ചെയ്യും".[10]

6. വിശ്വാസികളുടെ ജീവിതസാക്ഷ്യത്തിലൂടെയും സഭയുടെ നവീകരണം സാധിക്കാം: ക്രൈസ്തവർ ലോകത്തിലുള്ള അവരുടെ അസ്തിത്വംകൊണ്ടുതന്നെ, കർത്താവായ യേശു നമുക്കു നല്കിയ സത്യവചനം പ്രസരിപ്പിക്കാൻ കടപ്പെട്ടിരിക്കുന്നു. വത്തിക്കാൻ കൗൺസിൽ തന്നെ "ലൂമെൻ ജെൻസിയും" ("തിരുസഭ") എന്ന ഡോഗ് മാറ്റിക് കോൺസ്റ്റിറ്റ്യൂഷനിൽ ഇക്കാര്യം പറഞ്ഞിട്ടുണ്ട്: "പരിശുദ്ധനും നിർദ്ദോഷിയും നിർമ്മലനുമായ (ഹെബ്രാ 7,26) ക്രിസ്തു പാപം അറിഞ്ഞിട്ടില്ല (2കോറി 5,21). പക്ഷേ, അവിടന്നു സമാഗതനായത് മനുഷ്യരാശിയുടെ പാപത്തിനു പരിഹാരം ചെയ്യാൻ മാത്രമാണ് (ഹെബ്രാ 2,17). പാപികളെ തന്റെ മാറോടണയ്ക്കുന്ന സഭ ഒരേ സമയം പരിശുദ്ധയും സദാ ശുദ്ധീകരിക്കപ്പെട്ടവളുമാണ്. അതിനാൽ പശ്ചാത്താപത്തിന്റെയും നവീകരണത്തിന്റെയും മാർഗം അവൾ നിരന്തരം പിന്തുടരുന്നു. ലോകത്തിന്റെ മർദ്ദനങ്ങളും ദൈവത്തിന്റെ സാന്ത്വനങ്ങളും അനുഭവിക്കുന്ന സഭ തീർത്ഥാടകയെപ്പോലെ നാഥന്റെ കുരിശുമരണവും അവിടത്തെ പുനരാഗമനവും പ്രഖ്യാപനം ചെയ്തുകൊണ്ട് (1 കോറി 11,26) മുന്നോട്ടു നീങ്ങുകയാണ്. ഉത്ഥാനം ചെയ്ത നാഥന്റെ ശക്തിവിശേഷത്തിൽനിന്ന് അവൾ ശക്തി ആർജിക്കുന്നു. ആ ശക്തിയാണ് അകത്തുനിന്നും പുറത്തുനിന്നും തന്നെ ഞെരുക്കുന്ന മർദ്ദനങ്ങളും വിഷമതകളും ശാന്തതയോടും സ്നേഹത്തോടും കൂടെ അതിജീവിക്കാൻ അവളെ പ്രാപ്തയാക്കുന്നത്. ആ ശക്തി കൊണ്ടുതന്നെ നാഥനെ സംബന്ധിച്ച മൗതികസത്യം അവസാനം പൂർണദീപ്തിയിൽ അപ്രത്യക്ഷമാകുന്നതുവരെ അസ്പഷ്ടമായിട്ടാണെങ്കിലും വിശ്വസ്തതാപൂർവം അവൾ ലോകത്തിനു വെളിപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു."[11]

ഈ വീക്ഷണപ്രകാരം ലോകത്തിന്റെ ഏകരക്ഷകനായ കർത്താവിലേക്കുള്ള ആത്മാർത്ഥവും നവീകൃതവുമായ മാനസാന്തരത്തിനുള്ള വിളിയാണ് വിശ്വാസവർഷം. അവിടത്തെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും രഹസ്യത്തിൽ നമ്മെ രക്ഷിക്കുന്ന ദിവ്യസ്നേഹം വെളിപ്പെടുത്തി പാപപ്പൊറുതിയിലൂടെ ജീവിതപരിവർത്തനത്തിനു ക്ഷണിക്കുന്ന സ്നേഹവുമാണത് (അപ്പ 5,31). വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ അഭിപ്രായത്തിൽ ഈ ദിവ്യസ്നേഹം നമ്മെ പുതിയ ജീവിതത്തിലേക്കു നയിക്കുന്നു: "അങ്ങനെ, അവന്റെ മരണത്തോടു നമ്മെ ഐക്യപ്പെടുത്തിയ ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെടും... നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത് (റോമാ 6,4). വിശ്വാസത്തിലൂടെ ഈ പുതിയ ജീവൻ, ഉത്ഥാനമെന്ന മൗലികമായ പുതിയ യാഥാർത്ഥ്യമനുസരിച്ച് മുഴുവൻ മനുഷ്യാസ്തിത്വത്തെയും രൂപപ്പെടുത്തും. മനുഷ്യന്റെ ചിന്തകളും വികാരങ്ങളും മനോഭാവവും പെരുമാറ്റവും അവൻ സ്വതന്ത്രമായി സഹകരിക്കുന്നതനുസരിച്ച്, ഈ ജീവിതത്തിൽ ഒരിക്കലും പൂർണമായി അവസാനിക്കാത്ത ഒരു യാത്രയിൽ സാവധാനം വിശുദ്ധീകരിക്കപ്പെടുകയും രൂപാന്തരീകരിക്കപ്പെടുകയും ചെയ്യുന്നു. സ്നേഹത്തിലൂടെ പ്രവർത്തിക്കുന്ന വിശ്വാസം (ഗലാ 5,6) മനുഷ്യന്റെ മുഴുവൻ ജീവിതത്തെയും പരിവർത്തനവിധേയമാക്കുന്ന ധാരണയുടെയും പ്രവൃത്തിയുടെയും പുതിയ മാനദണ്ഡമായിത്തീരുന്നു (cf റോമാ 12,2; കൊളോ 3,9–10; എഫേ 4,20–29; 2 കോറി 5,17).

7. ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു (2 കോറി 5,14). നമ്മുടെ ഹൃദയം നിറയ്ക്കുന്നതും സുവിശേഷവത്കരണം നടത്താൻ നമ്മെ നിർബന്ധിക്കുന്നതും ക്രിസ്തുവിനോടുള്ള സ്നേഹമാണ്. ഇന്ന്, കഴിഞ്ഞകാലത്തെന്നപോലെ, അവിടത്തെ സുവിശേഷം ലോകത്തിലെ എല്ലാ ജനതകളോടും പ്രഘോഷിക്കാൻ ലോകത്തിന്റെ രാജവീഥികളിലൂടെ അവിടന്ന് നമ്മെ അയയ്ക്കുന്നുണ്ട് (cf. മത്താ 28,19). യേശുക്രിസ്തു തന്റെ സ്നേഹത്തിലൂടെ, ഓരോ തലമുറയിലെയും ആളുകളെ തന്നിലേക്ക് ആകർഷിക്കുന്നു. ഓരോ നൂറ്റാണ്ടിലും അവിടന്ന് സഭയെ വിളിച്ചുകൂട്ടുന്നു. നവമായ ഒരു കല്പന നല്കിക്കൊണ്ട് സുവിശേഷം പ്രഘോഷിക്കാനുള്ള കടമ ഏല്പിക്കുന്നു.

നവസുവിശേഷവത്കരണത്തിനുള്ള കൂടുതൽ ശക്തമായ സഭാത്മക സമർപ്പണം ഇന്ന് ആവശ്യമാണ്. വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിനുള്ള ആവേശവും വീണ്ടും കണ്ടെത്താനാണത്. അവിടത്തെ സ്നേഹം അനുദിനം വീണ്ടും കണ്ടെത്തുന്നതിൽ വിശ്വാസികളുടെ പ്രേഷിതത്വസമർപ്പണം ശക്തിയും ഊർജ്ജസ്വവും നേടുന്നു. അവ ഒരിക്കലും മാഞ്ഞുപോകുകയില്ല.

വിശ്വാസം സ്വീകരിക്കപ്പെട്ട സ്നേഹത്തിന്റെ അനുഭവമായി ജീവിക്കണം. കൃപയുടെയും സന്തോഷത്തിന്റെയും അനുഭവമായി കൈമാറണം. അങ്ങനെ ചെയ്യുമ്പോൾ വിശ്വാസം വളരുന്നു. കാരണം, പ്രത്യാശയിൽ നമ്മുടെ ഹൃദയങ്ങളെ അതു വികസിപ്പിക്കുന്നു. ജീവദായകമായ സാക്ഷ്യം വഹിക്കാൻ അതു നമ്മെ ശക്ത രാക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ കർത്താവിന്റെ വചനത്തോട് ഒട്ടിച്ചേരാനും അവിടത്തെ ശിഷ്യരാ കാനും വേണ്ടി കർത്താവ് നല്കുന്ന ക്ഷണത്തോട് പ്രത്യുത്തരിക്കുന്നതിനുവേണ്ടി ശ്രമിക്കുന്നവരുടെ ഹൃദ യങ്ങളും മനസ്സുകളും തുറക്കുന്നു. വിശുദ്ധ ആഗസ്തീനോസ് പറയുന്നപോലെ, വിശ്വാസികൾ "വിശ്വസിക്കു ന്നതുവഴി തങ്ങളെത്തന്നെ ശക്തിപ്പെടുത്തുന്നു."[12] ഹിപ്പോയിലെ വിശുദ്ധനായ ആ മെത്രാന് ഇപ്രകാരം പറ യാൻ തക്ക കാരണമുണ്ട്. നമുക്ക് അറിയാവുന്നപോലെ, അദ്ദേഹത്തിന്റെ ജീവിതം സത്യത്തിന്റെ സൗന്ദര്യ ത്തിനുവേണ്ടിയുള്ള നിരന്തരമായ അന്വേഷണമായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിൽ വിശ്രമം കണ്ടെത്തുന്നതുവരെ അന്വേഷണം തുടർന്നു.[13] വിശ്വസിക്കുന്നതിന്റെ പ്രാധാന്യത്തെയും വിശ്വാസത്തിന്റെ സത്യത്തെയും കുറിച്ച് അദ്ദേഹത്തിന്റെ വലിയ ഗ്രന്ഥങ്ങളിൽ വിവരിക്കുന്നുണ്ട്. ഇന്നും അത് അതുല്യമായ ഒരു പൈതൃകമായി തുടരുന്നു. ദൈവത്തെ അന്വേഷിക്കുന്ന അനേകർക്ക് "വിശ്വാസത്തിന്റെ വാതില്ക്ക"ലേ ക്കുള്ള ശരിയായ മാർഗം കണ്ടെത്താൻ അത് ഇന്നും സഹായിക്കുന്നുണ്ട്.

അതുകൊണ്ട്, വിശ്വസിക്കുന്നതിലൂടെ മാത്രമേ വിശ്വാസം കൂടുതൽ ശക്തമാകുകയുള്ളൂ. ഒരു ആത്മസ മർപ്പണം കൂടാതെ ജീവൻ സംബന്ധിച്ച് തീർച്ചയുണ്ടാക്കാൻ സാധ്യതയില്ല. സ്നേഹത്തിന്റെ കരങ്ങളിലേക്ക് നിരന്തരമായ സമർപ്പണം നടത്തണം. ആ സ്നേഹമാകട്ടെ, ദൈവത്തിൽ ഉദ്ഭവിക്കുന്നതാകയാൽ നിരന്തരം വളരുന്നു.

8. സന്തോഷപ്രദമായ ഈ സന്ദർഭത്തിൽ, നമുക്ക് കർത്താവ് ആധ്യാത്മികകൃപ നല്കുന്ന ഈ അവസര ത്തിൽ, വിശ്വാസമെന്ന അമൂല്യദാനത്തെപ്പറ്റി ഓർമ്മിക്കാൻ പത്രോസിന്റെ പിൻഗാമിയോടു ചേരുന്നതിന് ലോകത്തിലെ എല്ലാ മെത്രാന്മാരെയും ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. യോഗ്യവും ഫലദായകവു മായവിധത്തിൽ ഈ വിശ്വാസവർഷം ആചരിക്കാൻ നാം ആഗ്രഹിക്കുന്നു. വിശ്വാസത്തെക്കുറിച്ചുള്ള ധ്യാനം തീവ്രതരമാക്കണം. ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും സുവിശേഷത്തോട് കൂടുതൽ ബോധപൂർവ കമായി, ഊർജസ്വലതയോടെ ഒട്ടിച്ചേരാൻ സഹായിക്കുന്നതിനുവേണ്ടിയാണത്.

പ്രത്യേകിച്ച് ഇന്ന് അനുഭവിക്കുന്നപോലെ മനുഷ്യവംശം അത്യഗാധമായ പരിവർത്തനത്തിനു വിധേയമാ കുന്ന കാലഘട്ടത്തിൽ സഹായിക്കുന്നതിനാണത്. ലോകത്തിലെ സകല കത്തീഡ്രലുകളിലും ദേവാലയങ്ങ ളിലും വീടുകളിലും കുടുംബങ്ങളിലും ഉത്ഥിതനായ ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം ഏറ്റുപറയാൻ നമുക്കു സന്ദർഭം ലഭിക്കും. എല്ലാ കാലത്തെയും വിശ്വാസം കൂടുതൽ നന്നായി അറിയുന്നതിന്റെയും വരും തലമുറകൾക്ക് കൈമാറുന്നതിന്റെയും ആവശ്യകത നമുക്ക് സുശക്തമായി അനുഭവപ്പെടും. വിശ്വാസപ്രമാ ണത്തിന്റെ പരസ്യമായ ഏറ്റുചൊല്ലൽ തുടങ്ങാൻ സന്ന്യാസസമൂഹങ്ങളും ഇടവകസമൂഹങ്ങളും പുതിയതും പഴയതുമായ എല്ലാ സഭാത്മകസംഘങ്ങളും ഈ വർഷം ഒരു മാർഗം കണ്ടുപിടിക്കണം.

9. നവീകൃതബോധ്യത്തോടെ, ആത്മധൈര്യത്തോടും പ്രത്യാശയോടുംകൂടെ വിശ്വാസം പൂർണമായി ഏറ്റുപ റയാൻ ഓരോ വിശ്വാസിയിലും ആഗ്രഹമുണർത്താൻ നാം ആഗ്രഹിക്കുന്നു. ലിറ്റർജിയിൽ, പ്രത്യേകിച്ച് ദിവ്യബലിയിൽ, വിശ്വാസത്തിന്റെ ആഘോഷം കൂടുതൽ തീവ്രമാക്കാനുള്ള നല്ലൊരു സന്ദർഭം കൂടിയായി രിക്കും അത്. "ദിവ്യബലി സഭയുടെ പ്രവർത്തനത്തിന്റെ ലക്ഷ്യമാണ് - അതിന്റെ സർവശക്തിയും പ്രവഹി ക്കുന്ന ഉറവിടവുമാണ്".[14] അതേസമയം വിശ്വാസികളുടെ ജീവിതസാക്ഷ്യത്തിന്റെ വിശ്വാസ്യത വളരാൻവേണ്ടി നാം പ്രാർത്ഥിക്കുന്നു. ഏറ്റുപറയുകയും ആഘോഷിക്കുകയും ജീവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ ഉള്ളടക്കം നാം വീണ്ടും കണ്ടെത്തണം.[15] വിശ്വാസപ്രകരണത്തെക്കുറിച്ചു ചിന്തിക്കുകയും വേണം. ഇത് ഓരോ വിശ്വാസിയുടെയും കടമയാണ്. പ്രത്യേകിച്ച്, വിശ്വാസവർഷത്തിൽ നിർവഹിക്കേണ്ട കടമയാണ്.

ആദിമനൂറ്റാണ്ടുകളിൽ വിശ്വാസപ്രമാണം മനഃപാഠമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നതിനു കാരണമുണ്ട്. മാമ്മോ ദീസയിൽ അവർ ഏറ്റെടുത്ത സമർപ്പണം മറക്കാതിരിക്കാൻ അത് അവരുടെ അനുദിനപ്രാർത്ഥനയിൽ നില നിന്നു. വിശ്വാസപ്രമാണത്തിന്റെ കൈമാറ്റം സംബന്ധിച്ച് ഒരു പ്രഭാഷണത്തിൽ വിശുദ്ധ ആഗസ്തീനോസ് ഇക്കാര്യം പറയുന്നുണ്ട്. നിങ്ങൾ എല്ലാവരും ഒന്നിച്ചു സ്വീകരിക്കുകയും ഓരോരുത്തരായി ചൊല്ലുകയും

ചെയ്ത വിശുദ്ധ രഹസ്യത്തിന്റെ വിശ്വാസപ്രമാണം, സഭാമാതാവിന്റെ വിശ്വാസം ദൃഢമായി നിർമ്മിച്ചിരിക്കുന്ന വാക്കുകളാണ്. കർത്താവായ ക്രിസ്തുവെന്ന സുസ്ഥിരമായ അടിസ്ഥാനത്തിന്മേലാണ് സഭ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. നിങ്ങൾ അതു സ്വീകരിക്കുകയും ഉരുവിടുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ മനസ്സുകളിലും ഹൃദയങ്ങളിലും അത് സന്നിഹിതമാക്കി സൂക്ഷിക്കണം. നിങ്ങളുടെ കിടക്കയിൽ അത് ആവർത്തിക്കണം. പൊതുസ്ഥലങ്ങളിൽ അത് അനുസ്മരിക്കണം. ഊണിന്റെ സമയത്ത് അതു മറക്കരുത്. നിങ്ങളുടെ ശരീരം ഉറങ്ങുമ്പോൾപ്പോലും ഹൃദയങ്ങൾകൊണ്ട് നിങ്ങൾ അതിനെ കാത്തുസൂക്ഷിക്കണം.[16]

10. ഈ സന്ദർഭത്തിൽ ഒരു പുതിയ മാർഗം നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അത് വിശ്വാസത്തിന്റെ ഉള്ളടക്കം കൂടുതൽ ആഴത്തിൽ ഗ്രഹിക്കാൻ മാത്രമല്ല സഹായിക്കുന്നത്. പിന്നെയോ, പൂർണസ്വാതന്ത്ര്യത്തോടെ ദൈവത്തിന് പൂർണമായി സ്വയം സമർപ്പിക്കാൻ നാം ആഗ്രഹിക്കുന്ന പ്രവൃത്തി മനസ്സിലാക്കാനും സഹായിക്കും. യഥാർത്ഥത്തിൽ നാം വിശ്വസിക്കുന്ന പ്രവൃത്തിയും നാം അംഗീകരിക്കുന്ന ഉള്ളടക്കവും തമ്മിൽ അഗാധമായ ബന്ധമുണ്ട്. വിശുദ്ധ പൗലോസ് ഈ യാഥാർത്ഥ്യത്തിലേക്കു പ്രവേശിക്കാൻ നമ്മെ സഹായിക്കുന്നു. അദ്ദേഹം എഴുതുന്നു: "എന്തുകൊണ്ടെന്നാൽ മനുഷ്യൻ ഹൃദയംകൊണ്ട് വിശ്വസിക്കുകയും തന്മൂലം നീതീകരിക്കപ്പെടുകയും ചെയ്യുന്നു. അവൻ ചുണ്ടുകൾകൊണ്ട് ഏറ്റുപറയുകയും തന്മൂലം രക്ഷ പ്രാപിക്കുകയും ചെയ്യുന്നു" (റോമാ 10,10). ഒരുവൻ വിശ്വാസത്തിലേക്കു വരുന്നതിന് ആദ്യം നടക്കുന്നത് ദൈവത്തിന്റെ ദാനവും വ്യക്തിയെ ആന്തരികമായി ആഴത്തിൽ പരിവർത്തനം ചെയ്യിക്കുന്ന കൃപാവരത്തിന്റെ പ്രവർത്തനവുമാണെന്ന് ഹൃദയം സൂചിപ്പിക്കുന്നു.

ഈ വിഷയത്തിൽ ലിഡിയയുടെ മാതൃക സവിശേഷമായി വ്യക്തമാണ്. ഫിലിപ്പിയിലായിരിക്കുമ്പോൾ സാബത്തുദിവസം പൗലോസ് ചില സ്ത്രീകളോടു സുവിശേഷം പ്രസംഗിക്കാൻ പോയെന്ന് വിശുദ്ധ ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്ത്രീകളിൽ ഒരാൾ ലിഡിയ ആയിരുന്നു. "പൗലോസ് പറഞ്ഞ കാര്യങ്ങൾ സ്വീകരിക്കാൻ കർത്താവ് അവളുടെ ഹൃദയം തുറന്നു" (അപ്പ 16,14). ഈ വിവരണത്തിൽ സുപ്രധാനമായ ഒരർത്ഥമുണ്ട്. വിശ്വസിക്കേണ്ട ഉള്ളടക്കം അറിയുന്നതു മതിയാവുകയില്ലെന്ന് വിശുദ്ധ ലൂക്കാ പഠിപ്പിക്കുകയാണ്. വ്യക്തിയുടെ യഥാർത്ഥവും വിശുദ്ധവുമായ സ്ഥാനമായിരിക്കുന്ന ഹൃദയത്തെ കൃപാവരം തുറക്കുകകൂടി വേണമെന്ന് അദ്ദേഹം പഠിപ്പിക്കുന്നു. അങ്ങനെ ഹൃദയം തുറന്നു കഴിയുമ്പോൾ ഉപരിതലത്തിനടിയിലേക്കു നോക്കാൻ അതു കണ്ണുകളെ സഹായിക്കും. പ്രഘോഷിക്കപ്പെട്ടത് ദൈവവചനമാണെന്നു മനസ്സിലാക്കാൻ അങ്ങനെ സാധിക്കും.

വിശ്വാസം പരസ്യമായ സാക്ഷ്യത്തെയും സമർപ്പണത്തെയും ഉൾക്കൊള്ളുന്നുണ്ടെന്ന് ചുണ്ടുകൾ കൊണ്ടുള്ള ഏറ്റുപറച്ചിൽ സൂചിപ്പിക്കുന്നു. വിശ്വസിക്കുകയെന്നത് ഒരു സ്വകാര്യകർമ്മമാണെന്ന് ക്രൈസ്തവൻ ഒരിക്കലും ചിന്തിക്കാൻ പാടില്ല. കർത്താവിനോടൊപ്പം നില്ക്കാൻ തീരുമാനിക്കലാണ് വിശ്വാസം. അങ്ങനെ നില്ക്കുന്നത് അവിടത്തോടുകൂടെ ജീവിക്കാനാണ്. അവിടത്തോടുകൂടെയുള്ള ഈ നിലകൊള്ളലിന്, വിശ്വസിക്കാനുള്ള കാരണങ്ങൾ ഗ്രഹിക്കണമെന്നു സൂചിപ്പിക്കുന്നു. വിശ്വസിക്കൽ സ്വതന്ത്രമായ ഒരു പ്രവൃത്തിയാണ്. അതുകൊണ്ട് ഒരുവൻ വിശ്വസിക്കുന്നതിനെ സംബന്ധിച്ച് സാമൂഹികമായ ഉത്തരവാദിത്വമുണ്ടായിരിക്കണം. വിശ്വസിക്കുന്നതിന്റെയും വിശ്വാസം ഓരോ വ്യക്തിയോടും ഭയംകൂടാതെ പ്രഘോഷിക്കുന്നതിന്റെയും പരസ്യമാനം പെന്തക്കുസ്താദിവസത്തെ സഭ തികച്ചും വ്യക്തമായി തെളിയിച്ചിട്ടുണ്ട്. പരിശുദ്ധാത്മാവിന്റെ ദാനമാണ് നമ്മെ പ്രേഷിതത്വത്തിനുയോഗ്യരാക്കുന്നത്. നമ്മുടെ സാക്ഷ്യം ആത്മാർത്ഥവും സുധീരവുമാക്കിക്കൊണ്ട് ശക്തിപ്പെടുത്തുന്നതും പരിശുദ്ധാത്മാവിന്റെ ദാനമാണ്.

വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ വ്യക്തിപരവും അതേസമയം സാമൂഹികവുമാണ്. സഭയാണ് വിശ്വാസത്തിന്റെ പ്രാഥമിക കർത്തൃത്വം വഹിക്കുന്നത്. ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസത്തിൽ ഓരോ വ്യക്തിയും മാമ്മോദീസ സ്വീകരിക്കുന്നു. രക്ഷ പ്രാപിക്കുന്നതിനുവേണ്ടി വിശ്വാസികളുടെ സമൂഹത്തിലേക്കു പ്രവേശിക്കുന്നതിന്റെ ഫലപ്രദമായ അടയാളമാണത്. കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ നാം വായിക്കുന്നതു പോലെതന്നെ: "ഞാൻ വിശ്വസിക്കുന്നു എന്ന പ്രഖ്യാപനം ഓരോ വിശ്വാസിയും വ്യക്തിപരമായി മുഖ്യമായും മാമ്മോദീസാവേളയിൽ ഏറ്റുപറയുന്ന സഭയുടെ വിശ്വാസമാണ്." ഞങ്ങൾ വിശ്വസിക്കുന്നു എന്ന പ്രഖ്യാപനം സൂനഹദോസിൽ ഒന്നിച്ചുകൂടുന്ന മെത്രാന്മാരും വിശ്വാസികളുടെ പൊതുവായ ആരാധനാ സമ്മേളനവും ഏറ്റുപറയുന്ന സഭയുടെ വിശ്വാസമാണ്. 'ഞാൻ വിശ്വസിക്കുന്നു' എന്നും 'ഞങ്ങൾ വിശ്വസിക്കുന്നു' എന്നും പ്രഖ്യാപിക്കാൻ നമ്മെ പഠിപ്പിക്കുകയും ദൈവത്തിനു വിശ്വാസത്തിന്റെ പ്രത്യു

ത്തരം നല്കുകയും ചെയ്യുന്ന നമ്മുടെ മാതാവായ സഭയെയും 'ഞാൻ വിശ്വസിക്കുന്നു' എന്ന പ്രഖ്യാപനത്തിൽ ദർശിക്കാനാവും.[17]

ഒരു വ്യക്തി സമ്മതം നല്കുന്നതിനെ സംബന്ധിച്ചിടത്തോളം വിശ്വാസത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള അറിവ് സാരാംശപരമാണ്. അതായത്, സഭ നിർദ്ദേശിക്കുന്നതിനോട് ബുദ്ധികൊണ്ടും മനസ്സുകൊണ്ടും പൂർണമായി കൂടിച്ചേരാൻ ആ അറിവ് അടിസ്ഥാനപരമാണ്. ദൈവം വെളിപ്പെടുത്തിയ രക്ഷാകരരഹസ്യത്തിന്റെ പൂർണതയിലേക്കു പ്രവേശിക്കാനുള്ള വാതിൽ വിശ്വാസത്തെക്കുറിച്ചുള്ള അറിവ് തുറന്നുതരുന്നു. സമ്മതം നല്കുകയെന്നതിന്റെ അർത്ഥം, നാം വിശ്വസിക്കുമ്പോൾ, വിശ്വാസത്തിന്റെ മുഴുവൻ രഹസ്യവും സ്വതന്ത്രമായി സ്വീകരിക്കുന്നുവെന്നാണ്. അങ്ങനെ സ്വീകരിക്കുന്നതാകട്ടെ, അതിന്റെ സത്യത്തെപ്പറ്റിയുള്ള ഉറപ്പ് നല്കുന്നത് ദൈവമായതുകൊണ്ടാണ്. അവിടന്ന് തന്നെത്തന്നെ വെളിപ്പെടുത്തുകയും തന്റെ സ്നേഹത്തിന്റെ രഹസ്യം നമ്മൾ അറിയാൻ അനുവദിക്കുകയും ചെയ്യുന്നു.[18]

മറുവശത്ത് ഒരു വസ്തുത നമുക്കു മറക്കാൻ പാടില്ല. നമ്മുടെ സാംസ്കാരിക സാഹചര്യത്തിൽ ധാരാളം ആളുകൾ വിശ്വാസദാനമുണ്ടെന്ന് അവകാശപ്പെടുന്നില്ലെങ്കിലും സ്വന്തം ജീവിതത്തിന്റെയും ലോകത്തിന്റെയും ആത്യന്തികമായ അർത്ഥവും സുനിർണീതമായ സത്യവും ആത്മാർത്ഥതയോടെ അന്വേഷിക്കുന്നുണ്ടെന്നതാണ് ആ വസ്തുത. ഈ അന്വേഷണം വിശ്വാസത്തിലേക്കുള്ള യഥാർത്ഥമായ ഉപക്രമമാണ്. കാരണം, അത് ദൈവരഹസ്യത്തിലേക്കു നയിക്കുന്ന വഴിയിലേക്ക് ആളുകളെ പ്രവേശിപ്പിക്കുന്നു. എക്കാലത്തും സാധുവായത്, ശാശ്വതമായത് എന്താണോ അതിനായി മനുഷ്യബുദ്ധി പ്രകൃത്യാ ആവശ്യപ്പെടുന്നുണ്ട്.[19] ആ ആവശ്യം മനുഷ്യഹൃദയത്തിൽ മായ്ച്ചുകളയാനാവാത്തവിധം എഴുതിയിരിക്കുന്ന സ്ഥിരമായ ഒരാഹ്വാനമായി നിലകൊള്ളുന്നു. ദൈവത്തെ അന്വേഷിക്കാൻ പുറപ്പെടുകയെന്നതാണ് ആ ആഹ്വാനം. ദൈവം നമ്മെ ആദ്യം കണ്ടുമുട്ടാൻ പുറപ്പെട്ടിരുന്നില്ലെ ങ്കിൽ നമുക്ക് അവിടത്തെ അന്വേഷിക്കാൻ കഴിയുമായിരുന്നില്ല.[20] ഈ കണ്ടുമുട്ടലിനായി വിശ്വാസം നമ്മെ ക്ഷണിക്കുന്നു. അതു നമ്മെ പൂർണമായി തുറക്കുന്നു.

11. വിശ്വാസത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് ക്രമവത്കൃതമായ അറിവിൽ എത്തിച്ചേരുന്നതിന് അമൂല്യവും അനുപേക്ഷണീയവുമായ ഒരു ഉപകരണം കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ എല്ലാവർക്കും കണ്ടെത്താം. അത് രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ സുപ്രധാനഫലങ്ങളിലൊന്നാണ്. വിശ്വാസനിക്ഷേപം എന്ന അപ്പസ് തോലിക കോൺസ്റ്റിറ്റ്യൂഷനിൽ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ അത് ഒപ്പുവച്ചത്, രണ്ടാംവത്തിക്കാൻ കൗൺസിൽ നടത്തിയതിന്റെ മുപ്പതാം വർഷത്തിലാണ്. അത് ആകസ്മികമായി സംഭവിച്ച കാര്യമല്ല. ആ രേഖയിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: "സഭയുടെ മുഴുവൻ ജീവിതത്തെയും നവീകരിക്കുകയെന്ന സംരംഭത്തിന് വളരെ പ്രധാനപ്പെട്ട സംഭാവന ഈ മതബോധനഗ്രന്ഥം നല്കും. സഭാത്മക സംസർഗത്തിനു സാധുതയുള്ളതും നിയമാനുസൃതവുമായ ഒരു ഉപകരണവും വിശ്വാസം പഠിപ്പിക്കാൻ സുനിശ്ചിതമായ നിയമവുമാണ് ഈ മതബോധനഗ്രന്ഥമെന്ന് ഞാൻ പ്രഖ്യാപിക്കുന്നു".[21]

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ വിശ്വാസത്തിന്റെ മൗലികഉള്ളടക്കത്തിന്റെ ക്രമവത്കൃതവും സുസംഘടിതവുമായ സംഗ്രഹം നല്കിയിട്ടുണ്ട്. അത് വീണ്ടും കണ്ടെത്താനും പഠിക്കാനുമുള്ള സംഘടിത ശ്രമം വിശ്വാസവർഷത്തിൽ ഉണ്ടാകേണ്ടത് ഈ അർത്ഥത്തിലാണ്. സഭ സ്വീകരിക്കുകയും സംരക്ഷിക്കുകയും തന്റെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ നിർദ്ദേശിക്കുകയും ചെയ്ത പ്രബോധനത്തിന്റെ സമ്പത്ത് യഥാർത്ഥത്തിൽ നാം അതിൽ കാണുന്നുണ്ട്. വിശ്വാസികൾക്ക് വിശ്വാസജീവിതത്തിൽ തീർച്ച നല്കുന്നതിനുവേണ്ടി സഭ നൂറ്റാണ്ടുകളിലൂടെ വിശ്വാസത്തെക്കുറിച്ച് ധ്യാനിക്കുകയും സിദ്ധാന്തത്തിൽ പുരോഗതിയുണ്ടാക്കുകയും ചെയ്തതിന്റെ വിവിധ രീതികളുടെ സ്ഥിരംരേഖ ഈ മതബോധനഗ്രന്ഥം നല്കുന്നുണ്ട്. വിശുദ്ധഗ്രന്ഥം മുതൽ സഭാപിതാക്കന്മാർ വരെയും ദൈവശാസ്ത്രപണ്ഡിതന്മാർ മുതൽ വിശുദ്ധർ വരെയും പ്രദർശിപ്പിച്ച വിവിധ രീതികൾ അതിൽ നല്കിയിട്ടുണ്ട്.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം അതിന്റെ ഘടനയിൽ അനുദിനജീവിതത്തിന്റെ വലിയ പ്രമേയങ്ങൾ വരെയുള്ള വിശ്വാസത്തിന്റെ വികസനം പിന്തുടരുന്നുണ്ട്. അതിൽ അവതരിപ്പിക്കുന്നത് സിദ്ധാന്തമല്ല, പിന്നെയോ സഭയിൽ ജീവിക്കുന്ന ഒരു ദിവ്യവ്യക്തിയുമായുള്ള കണ്ടുമുട്ടലാണെന്ന് ഓരോ പേജിലും നാം കാണുന്നു. വിശ്വാസത്തിന്റെ ഏറ്റുപറച്ചിലിനെത്തുടർന്ന് കൗദാശികജീവിതത്തിന്റെ വിവരണം നല്കുന്നു. അതിൽ ക്രിസ്തു സന്നിഹിതനായി പ്രവർത്തിക്കുകയും തന്റെ സഭയുടെ നിർമ്മാണം തുടരുകയും ചെയ്യുന്നു. ലിറ്റർജിയും കൂദാശകളും ഇല്ലാതിരുന്നാൽ വിശ്വാസപ്രഖ്യാപനം കാര്യക്ഷമതയില്ലാത്തതാകും. കാരണം, ക്രൈസ്തവസാക്ഷ്യത്തെ പിന്താങ്ങുന്ന കൃപ അതിന് ഇല്ലാതാകും. ഇതേ മാനദണ്ഡമനുസരിച്ച് ധാർമ്മി

കജീവിതത്തെക്കുറിച്ചുള്ള മതബോധനഗ്രന്ഥത്തിലെ പ്രബോധനത്തെ വിശ്വാസം, ലിറ്റർജി, പ്രാർത്ഥന എന്നിവയോടുള്ള ബന്ധത്തിൽ സ്ഥാപിച്ചാൽ അത് പൂർണമായും അർത്ഥമുള്ളതാകും.

12. അതുകൊണ്ട് ഈ വർഷം കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വിശ്വാസത്തിന് യഥാർത്ഥത്തിൽ ബലംനല്കുന്ന ഒരു ഉപകരണമായിരിക്കും. പ്രത്യേകിച്ച്, നമ്മുടെ സാംസ്കാരികപശ്ചാത്തലത്തിൽ ഏറെ നിർണായകമായിരിക്കുന്ന ക്രൈസ്തവരുടെ രൂപീകരണം സംബന്ധിച്ചിടത്തോളം അപ്രകാരമായിരിക്കും. ഈ ലക്ഷ്യം പ്രാപിക്കാൻ ഒരു കുറിപ്പ് തയ്യാറാക്കാൻ വിശ്വാസതിരുസംഘത്തെ ഞാൻ ക്ഷണിച്ചിട്ടുണ്ട്. പരിശുദ്ധസിംഹാസനത്തിന്റെ ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി സഹകരിച്ച് അവർ അതു തയ്യാറാക്കണം. വിശ്വാസത്തിന്റെ ഈ വർഷം വിശ്വാസത്തിനും സുവിശേഷവത്കരണത്തിനും സേവനം ചെയ്തുകൊണ്ട് ഏറ്റവും കാര്യക്ഷമവും സമുചിതവുമായ രീതികളിൽ എങ്ങനെ ജീവിക്കണമെന്നതിന് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ സഭയ്ക്കും വിശ്വാസികളായ വ്യക്തികൾക്കും നല്കുന്നതിനുവേണ്ടിയാണ് ആ കുറിപ്പ്.

വിശ്വാസം സംബന്ധിച്ച ചോദ്യങ്ങൾ ഇന്ന് കഴിഞ്ഞകാലത്തെക്കാൾ കൂടുതലായി ഉണ്ടാകുന്നുണ്ട്. മനോഭാവത്തിലുണ്ടായ മാറ്റത്തിൽ നിന്നാണ് ആ ചോദ്യപരമ്പര ഉദ്ഭവിക്കുന്നത്. ആ മനോഭാവം ഇന്ന് യുക്തിപരമായ തീർച്ചകളുടെ മണ്ഡലത്തെ പ്രത്യേകിച്ചും ചുരുക്കുന്നു; ശാസ്ത്രീയവും സാങ്കേതികവിദ്യാപരവുമായ കണ്ടുപിടിത്തങ്ങളുടെ തീർച്ചകളായി ചുരുക്കുന്നു. എന്നാലും വിശ്വാസവും യഥാർത്ഥശാസ്ത്രവും തമ്മിൽ ഒരു സംഘർഷവും ഉണ്ടാവുകയില്ലെന്നു സ്ഥാപിക്കുന്നതിൽ സഭ ഒരിക്കലും ഭയപ്പെട്ടിട്ടില്ല. കാരണം, വിശ്വാസവും ശാസ്ത്രവും രണ്ടു വ്യത്യസ്തവഴികളിലൂടെയാണ് സഞ്ചരിക്കുന്നതെങ്കിലും സത്യത്തിലേക്കാണ് തിരിഞ്ഞിരിക്കുന്നത്.[22]

13. ഈ വർഷം നിർണായകപ്രാധാന്യമുള്ള ഒരു കാര്യം, നമ്മുടെ വിശ്വാസത്തിന്റെ ചരിത്രം വീണ്ടും കണ്ടെത്തുകയെന്നതാണ്. അത് വിശുദ്ധിയും പാപവും കൂടിക്കലരുകയെന്ന അജ്ഞേയരഹസ്യത്താൽ മുദ്രിതമാണ്. തങ്ങളുടെ ജീവിതസാക്ഷ്യംവഴി സമൂഹത്തിന്റെ വളർച്ചയ്ക്കും വികാസനത്തിനും സ്ത്രീപുരുഷന്മാർ നല്കിയ മഹാസംഭാവനയെ വിശുദ്ധി ഉയർത്തിക്കാണിക്കുന്നു. അതേസമയം പാപമാകട്ടെ, ഓരോ വ്യക്തിയിലും ആത്മാർത്ഥവും നിരന്തരവുമായ മാനസാന്തരപ്രവർത്തനം പ്രചോദിപ്പിക്കണം. എല്ലാവർക്കും നല്കുന്ന പിതാവിന്റെ കാരുണ്യം അനുഭവിക്കുന്നതിനാണത്.

ഈ കാലഘട്ടത്തിൽ നാം യേശുക്രിസ്തുവിൽ നോട്ടം ഉറപ്പിക്കണം. അവിടന്ന് നമ്മുടെ വിശ്വാസത്തിന്റെ മുന്നോടിയും പരിപൂർണതാകർത്താവുമാണ് (ഹെബ്രാ 12,2). അവനിൽ മനുഷ്യഹൃദയത്തിന്റെ മുഴുവൻ തീവ്രവികാരവും ആഗ്രഹപൂർണത കണ്ടെത്തും. സ്നേഹത്തിന്റെയും സഹനത്തിന്റെയും വേദനയുടെയും നാടകത്തിനുള്ള ഉത്തരം, ദ്രോഹം ക്ഷമിക്കാനുള്ള ശക്തി, മരണത്തിന്റെ ശൂന്യതയുടെമേൽ ജീവനുള്ള വിജയം - ഇതെല്ലാം ക്രിസ്തുവിന്റെ മനുഷ്യാവതാരരഹസ്യത്തിൽ പൂർണത കണ്ടെത്തുന്നു. അവിടത്തെ മനുഷ്യനാകലിൽ തന്റെ ഉത്ഥാനത്തിന്റെ ശക്തിയാൽ പരിവർത്തിതമാക്കുന്നതിനുവേണ്ടി നമ്മുടെ ദുർബലതയിലുണ്ടായ അവിടത്തെ ഭാഗഭാഗിത്വത്തിൽ പൂർണത കണ്ടെത്തുന്നു. നമ്മുടെ രക്ഷാചരിത്രത്തിന്റെ രണ്ടായിരം വർഷത്തെ മുദ്രിതമാക്കിയ വിശ്വാസമാതൃകകൾ നമ്മുടെ രക്ഷയ്ക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തുവിൽ സമ്പൂർണപ്രകാശത്തിലെത്തിച്ചേരുന്നു.

കന്യകാമറിയം വിശ്വാസം മൂലം മാലാഖയുടെ വാക്ക് തന്റെ ഭക്തിക്ക് അനുസൃതമായി സ്വീകരിച്ചു. താൻ ദൈവത്തിന്റെ അമ്മയാകണമെന്ന സന്ദേശം വിശ്വസിച്ചു (cf.ലൂക്കാ 1,38). എലിസബത്തിനെ സന്ദർശിച്ചപ്പോൾ അത്യുന്നതനെ മഹത്ത്വപ്പെടുത്തുന്ന കീർത്തനം അവൾ ആലപിച്ചു. തന്നിൽ വിശ്വസിക്കുന്നവർക്ക് അവിടന്നു ചെയ്ത വിസ്മയമീയകൃത്യങ്ങളെക്കുറിച്ച് പ്രകീർത്തിച്ചു മഹത്ത്വപ്പെടുത്തി (cf.ലൂക്കാ 7,46-55). സന്തോഷത്തോടും നടുക്കത്തോടുംകൂടെ തന്റെ കന്യാത്വം അഭംഗുരം നിലനിറുത്തിക്കൊണ്ട് അവൾ തന്റെ പുത്രനെ പ്രസവിച്ചു (cf.ലൂക്ക 2,6-7). ഹേറോദേസിന്റെ പീഢനത്തിൽനിന്ന് രക്ഷിക്കാൻ വേണ്ടി ഭർത്താവായ ജോസഫിനെ വിശ്വസിച്ചുകൊണ്ട് യേശുവിനെ ഈജിപ്തിലേക്കു കൊണ്ടുപോയി (cf. മത്താ 2,13-15). അതേ വിശ്വാസത്തോടെ അവൾ കർത്താവിനെ അവിടത്തെ പ്രഘോഷണത്തിൽ പിന്തുടർന്നു. ഗാഗുൽത്താവരെ അവിടത്തോടൊത്തു നിലകൊണ്ടു (cf. യോഹ 19,25-27). വിശ്വാസംവഴി മറിയം യേശുവിന്റെ ഉത്ഥാനം മുൻകൂട്ടി ആസ്വദിച്ചു. എല്ലാ കാര്യങ്ങളെക്കുറിച്ചുമുള്ള സ്മരണ തന്റെ ഹൃദയത്തിൽ നിക്ഷേപിച്ചു (cf. ലൂക്കാ 2,19, 51). പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ സെഹിയോൻ ഊട്ടുശാലയിൽ തന്നോടൊത്ത് സമ്മേളിച്ച പന്ത്രണ്ട് ശ്ലീഹന്മാർക്ക് ആ സ്മരണാനിക്ഷേപം കൈമാറി (cf. അപ്പ 1,14; 2,1-4).

വിശ്വാസം മൂലം അപ്പസ്തോലന്മാർ തങ്ങളുടെ ഗുരുവിനെ പിന്തുടരാൻവേണ്ടി സകലതും പരിത്യജിച്ചു (cf. മർക്കോ 10,28). തന്റെ വ്യക്തിത്വത്തിൽ സന്നിഹിതമായിരിക്കുകയും പൂർണമാകുകയും ചെയ്തിരിക്കുന്ന ദൈവരാജ്യത്തെപ്പറ്റി ക്രിസ്തു പ്രഘോഷിച്ച വാക്കുകൾ അവർ വിശ്വസിച്ചു. അവർ യേശുവിനോടുള്ള ജീവിതസംസർഗത്തിൽ നിലനിന്നു. അവിടന്ന് അവർക്കു പ്രബോധനം നല്കി പരിശീലിപ്പിച്ചു. അവർക്ക് പുതിയൊരു ജീവിതനിയമം നല്കി. അതുവഴി അവർ അവിടത്തെ മരണശേഷം അവിടത്തെ ശിഷ്യന്മാരായി അറിയപ്പെടും (cf. യോഹ 13,34-35).

വിശ്വാസം മൂലം അവർ ലോകത്തിലെങ്ങും സഞ്ചരിച്ചു. സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുകയെന്ന കല്പന അനുസരിച്ചാണ് അങ്ങനെ ചെയ്തത് (cf. മർക്കോ 16,75). ഉത്ഥാനത്തിന്റെ വിശ്വസ്ത സാക്ഷികളായിരുന്ന അവർ എല്ലാവരോടും ഉത്ഥാനത്തിന്റെ സന്തോഷത്തെക്കുറിച്ച് ഭയമില്ലാതെ പ്രഘോഷിച്ചു.

വിശ്വാസം മൂലം ശിഷ്യന്മാർ ആദിമസമൂഹത്തിന് രൂപംനല്കി. അപ്പസ്തോലന്മാരുടെ പ്രബോധനം, പ്രാർത്ഥന, കുർബാനയാഘോഷം എന്നിവയിൽ ഒന്നിച്ചുചേർന്നു. അവർ സഹോദരങ്ങളുടെ ആവശ്യങ്ങൾ നടത്താൻവേണ്ടി സമ്പാദ്യങ്ങളെല്ലാം പൊതുവാക്കി (cf. അപ്പ 2,42-47).

വിശ്വാസം മൂലം രക്തസാക്ഷികൾ തങ്ങളുടെ ജീവിതം സമർപ്പിച്ചു. സുവിശേഷത്തിന്റെ സത്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട് അങ്ങനെ ചെയ്തു. ആ സത്യം അവരെ രൂപാന്തരപ്പെടുത്തി. സ്നേഹത്തിന്റെ ഏറ്റവും വലിയ ദാനംനേടാൻ അത് അവരെ ശക്തരാക്കി. തങ്ങളെ പീഡിപ്പിച്ചവരോട് ക്ഷമിക്കാനുള്ള കഴിവാണ് ആ ദാനം.

വിശ്വാസം മൂലം സ്ത്രീപുരുഷന്മാർ എല്ലാം ഉപേക്ഷിച്ച് തങ്ങളുടെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചു. സുവിശേഷപരമായ ലാളിത്യത്തോടെ അനുസരണവും ദാരിദ്ര്യവും ബ്രഹ്മചര്യവും പാലിച്ചുകൊണ്ട് അപ്രകാരം ചെയ്തു. അവയെല്ലാം പെട്ടെന്ന് വരാനിരിക്കുന്ന കർത്താവിനെ കാത്തിരിക്കുന്നതിന്റെ വസ്തുനിഷ്ഠമായ അടയാളങ്ങളാണ്.

വിശ്വാസംമൂലം അസംഖ്യം ക്രൈസ്തവർ നീതി നടപ്പിലാക്കാൻ വേണ്ടിയുള്ള പ്രവർത്തനം വളർത്തിയിട്ടുണ്ട്. കർത്താവിന്റെ വാക്ക് പ്രാവർത്തികമാക്കാൻ വേണ്ടിയാണത്. പീഡനത്തിൽ നിന്നുള്ള വിമോചനവും അനുകൂലമായ വർഷവും എല്ലാവർക്കുമായി പ്രഘോഷിക്കാനാണ് അവിടന്ന് വന്നത് (cf. ലൂക്കാ 4,18-19).

വിശ്വാസം വഴി നൂറ്റാണ്ടുകളുടെ ഗതിയിൽ ജീവന്റെ പുസ്തകത്തിൽ പേരെഴുതപ്പെട്ടിട്ടുള്ള എല്ലാ നൂറ്റാണ്ടിലെയും സ്ത്രീപുരുഷന്മാർ (cf. വെളി 7,9; 13,8) കർത്താവിനെ പിന്തുടരുന്നതിന്റെ സൗന്ദര്യത്തെക്കുറിച്ച് പ്രഖ്യാപിച്ചിട്ടുണ്ട്. തങ്ങൾ ക്രിസ്ത്യാനികളാണെന്ന വസ്തുതയ്ക്ക് സാക്ഷ്യംവഹിക്കാൻ അവർ വിളിക്കപ്പെട്ട സ്ഥലങ്ങളിലെല്ലാം അപ്രകാരം ചെയ്തിട്ടുണ്ട്. കുടുംബത്തിലും തൊഴിൽരംഗത്തും പൊതുജീവിതത്തിലും അവർ വിളിക്കപ്പെട്ട സിദ്ധികളുടെയും ശുശ്രൂഷകളുടെയും അഭ്യസനത്തിലും അപ്രകാരം ചെയ്തിട്ടുണ്ട്.

നമ്മളും വിശ്വാസം വഴി ജീവിക്കുന്നു. നമ്മുടെ ജീവിതത്തിലും നമ്മുടെ ചരിത്രത്തിലും സന്നിഹിതനായിരിക്കുന്ന കർത്താവായ യേശുക്രിസ്തുവിനെ സജീവമായി അംഗീകരിച്ചുകൊണ്ട് നാം അങ്ങനെ ചെയ്യുന്നു.

14. പരസ്നേഹത്തിന്റെ സാക്ഷ്യം കൂടുതൽ തീവ്രമാക്കാനുള്ള നല്ലൊരു അവസരം കൂടിയായിരിക്കും വിശ്വാസവർഷം. വിശുദ്ധ പൗലോസ് നമ്മെ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു: "വിശ്വാസം, പ്രത്യാശ, സ്നേഹം ഇവ മൂന്നും നിലനില്ക്കുന്നു. എന്നാൽ സ്നേഹമാണ് സർവോത്കൃഷ്ടം" (1 കോറി 13,13).

ക്രൈസ്തവരെ എന്നും കടപ്പെടുത്തിയിട്ടുള്ളതും കൂടുതൽ ശക്തവുമായ വാക്കുകളിലൂടെ വിശുദ്ധ യാക്കോബ് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അദ്ദേഹം എഴുതുന്നു: "എന്റെ സഹോദരന്മാരേ, വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിന് ആവശ്യമായത് അവർക്ക് കൊടുക്കാതെ, സമാധാനത്തിൽ പോവുക, തീ കായുക, വിശപ്പടക്കുക എന്നൊക്കെ അവരോട് പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തി കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജീവമാണ്. എന്നാൽ ആരെങ്കിലും ഇങ്ങനെ പറഞ്ഞേക്കാം. നിനക്കു വിശ്വാസമുണ്ട്. എനിക്കു പ്രവൃത്തികളുമുണ്ട്. പ്രവൃത്തികൾ കൂടാതെയുള്ള നിന്റെ

വിശ്വാസം എന്നെ കാണിക്കുക. ഞാൻ എന്റെ പ്രവൃത്തികൾ വഴി എന്റെ വിശ്വാസം നിന്നെ കാണിക്കാം" (യാക്കോ 2,14-18).

പരസ്നേഹമില്ലാത്ത വിശ്വാസം ഫലമുള്ളതല്ല. അതേസമയം വിശ്വാസമില്ലാത്ത പരസ്നേഹം എല്ലായ്പ്പോഴും സംശയത്തിന്റെ കാരുണ്യത്തിൽ കഴിയുന്ന ഒരു വികാരം മാത്രമായിരിക്കും. വിശ്വാസവും പരസ്നേഹവും പരസ്പരം ആവശ്യപ്പെടുന്നവയാണ്. ഓരോന്നും സ്വന്തം പാതയിലൂടെ സഞ്ചരിക്കാൻ അനുവദിക്കുന്ന രീതി യിലാണ് അവ പരസ്പരം ആവശ്യപ്പെടുന്നത്. ഏകാന്തരും പാർശ്വവത്കരിക്കപ്പെട്ടവരും (പരിത്യക്തരും) ആയവർക്കുവേണ്ടി - നമ്മുടെ ശ്രദ്ധ ആവശ്യപ്പെടുന്നവരിൽ മുമ്പന്മാരും നാം പിന്താങ്ങേണ്ടവരിൽ ഏറ്റവും പ്രധാനപ്പെട്ടവരുമായവർക്കുവേണ്ടി - അനേകം ക്രൈസ്തവർ തങ്ങളുടെ ജീവിതം സ്നേഹപൂർവം സമർപ്പി ക്കുന്നുണ്ട്. കാരണം, അവരിലാണ് ക്രിസ്തുവിന്റെ തന്നെ മുഖം പ്രതിഫലിച്ചു കാണുന്നത്. ഉത്ഥിതനായ ക്രിസ്തുവിന്റെ മുഖം നമ്മുടെ സ്നേഹം ആവശ്യപ്പെടുന്നവരിൽ നമുക്കു തിരിച്ചറിയാൻ കഴിയും. "എന്റെ സഹോദരന്മാരിൽ ഏറ്റവും എളിയ ഒരാൾക്ക് നിങ്ങൾ അതു ചെയ്തപ്പോൾ എനിക്കു തന്നെയാണു ചെയ്തത്" (മത്താ 25,40).

ഈ വാക്കുകൾ ഒരു മുന്നറിയിപ്പാണ്. അതു മറക്കാൻ പാടില്ല. അവിടന്നുതന്നെ പാലിക്കുന്ന ആ സ്നേഹ ത്തിലേക്ക് തിരിച്ചുചെല്ലാനുള്ള ശാശ്വതമായ ഒരു ക്ഷണമാണത്.

ക്രിസ്തുവിനെ തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത് വിശ്വാസമാണ്. നമ്മുടെ ജീവിതയാത്രയിൽ അവി ടന്ന് നമ്മുടെ അയല്ക്കാരനായിരിക്കുമ്പോഴെല്ലാം അവിടത്തെ സേവിക്കാൻ നമ്മെ നിർബന്ധിക്കുന്നത് അവി ടത്തെ സ്നേഹമാണ്. വിശ്വാസത്താൽ പിന്താങ്ങപ്പെട്ട് ഈ ലോകത്തിലെ നമ്മുടെ സമർപ്പണത്തെ പ്രത്യാ ശയോടെ നമുക്കു നോക്കിക്കാണാം. നീതി ഭരിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും (2 പത്രോ 3,13; cf. വെളി 21,1) കാത്തിരിക്കുന്ന നമുക്ക് അങ്ങനെ ചെയ്യാം.

15. വിശുദ്ധ പൗലോസ് തന്റെ ജീവിതാന്തത്തിലെത്തിയപ്പോൾ തന്റെ ശിഷ്യനായ തിമോത്തിയോട് വിശ്വാ സം ലക്ഷ്യംവയ്ക്കാൻ (2 തിമോ 2,22) ആവശ്യപ്പെട്ടു. ഒരു കുട്ടിയായിരുന്നപ്പോൾ ഉണ്ടായിരുന്ന അതേ സ്ഥിരതയോടെ (cf. 2 തിമോ 3,15) അങ്ങനെ ചെയ്യാനാണ് ആവശ്യപ്പെട്ടത്. ഈ ക്ഷണം നമുക്ക് ഓരോരു ത്തർക്കുമുള്ളതായി നാം കേൾക്കുന്നു. നമ്മിൽ ആരും വിശ്വാസത്തിൽ അലസരാകാതിരിക്കാനാണിത്. അത് നമ്മുടെ ആജീവനാന്തസഹചാരിയാണ്. ദൈവം നമുക്കായി ചെയ്യുന്ന വിസ്മയനീയകൃത്യങ്ങൾ നിത്യനൂത നമായി കാണാൻ സാധ്യത നല്കുന്നത് അതാണ്. ലോകത്തിൽ ഉത്ഥിതനായ കർത്താവിന്റെ ജീവനുള്ള അട യാളങ്ങളായിരിക്കാൻ വിശ്വാസം നമ്മെ ഓരോരുത്തരെയും ചുമതലപ്പെടുത്തുന്നു. ചരിത്രത്തിന്റെ വർത്തമാ നകാലത്തിൽ സന്നിഹിതമായിരിക്കുന്ന അടയാളങ്ങൾ ശേഖരിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് അങ്ങനെ ചെയ്തിട്ടുള്ളത്.

ഇന്നു ലോകത്തിനു പ്രത്യേകമായി അത്യാവശ്യമായിരിക്കുന്നത് ആളുകൾ നല്കുന്ന വിശ്വസനീയമായ സാക്ഷ്യ മാണ്. അവരുടെ മനസ്സും ഹൃദയവും കർത്താവിന്റെ വചനത്താൽ പ്രകാശിപ്പിക്കപ്പെട്ടതായിരിക്കണം. ദൈവ ത്തിനു വേണ്ടിയും യഥാർത്ഥജീവനു വേണ്ടിയും അനന്തമായ ജീവനുവേണ്ടിയുമുള്ള ആഗ്രഹം അനേക രുടെ ഹൃദയങ്ങളിൽ ജനിപ്പിക്കാൻ കഴിവുള്ളവയുമായിരിക്കണം.

"കർത്താവിന്റെ വചനത്തിന് പ്രചാരവും മഹത്ത്വവും ലഭിക്കുന്നതിന്" (2 തെസ്സ 3,1), കർത്താവായ ക്രിസ്തു വുമായുള്ള നമ്മുടെ ബന്ധം ഈ വിശ്വാസവർഷത്തിൽ വർദ്ധമാനമായ തോതിൽ ദൃഢമാക്കിത്തീർക്കാം. എന്തെന്നാൽ, ഭാവിയിലേക്കു നോക്കാനുള്ള ഉറപ്പും യഥാർത്ഥവും ശാശ്വതവുമായ സ്നേഹത്തിന്റെ അച്ചാ രവും അവിടന്നിൽ മാത്രമാണുള്ളത്. വിശുദ്ധ പത്രോസിന്റെ വാക്കുകൾ വിശ്വാസത്തിന്മേൽ അവസാന രശ്മി ചൊരിഞ്ഞിരിക്കുന്നു: "അല്പനേരത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്കു വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം, അഗ്നിശോധന അതിജീവിക്കുന്ന നശ്വരമായ സ്വർണത്തെ ക്കാൾ വിലയേറിയതായിരിക്കും പരീക്ഷകൾ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം. അത് യേശുക്രിസ്തു വിന്റെ പ്രത്യാഗമനത്തിൽ സ്തുതിക്കും മഹത്ത്വത്തിനും ബഹുമാനത്തിനും ഹേതുവായിരിക്കും. അവനെ നിങ്ങൾ കണ്ടിട്ടില്ലെങ്കിലും സ്നേഹിക്കുന്നു. ഇപ്പോൾ കാണുന്നില്ലെങ്കിലും അവനിൽ വിശ്വസിച്ചുകൊണ്ട് അവാച്യവും മഹത്ത്വപൂർണവുമായ സന്തോഷത്തിൽ നിങ്ങൾ മുഴുകുന്നു. അങ്ങനെ വിശ്വാസത്തിന്റെ ഫലമായി ആത്മാവിന്റെ രക്ഷ നിങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു" (1 പത്രോ 1,6-9).

സന്തോഷത്തിന്റെ അനുഭവവും സഹനത്തിന്റെ അനുഭവവും ക്രൈസ്തവജനങ്ങളുടെ ജീവിതം അറിയു ന്നുണ്ട്. വിശുദ്ധരിൽ എത്രയോപേർ ഏകാന്തതയിൽ ജീവിച്ചിരിക്കുന്നു! എത്രയോ വിശ്വാസികൾ നമ്മുടെ

ഇക്കാലത്തും ദൈവത്തിന്റെ ആശ്വാസകരമായ വാക്കുകൾ കേൾക്കുവാൻ ആഗ്രഹിച്ചിരിക്കുമ്പോൾ ദൈവത്തിന്റെ നിശ്ശബ്ദതയാൽ പരീക്ഷിക്കപ്പെടുന്നു! ജീവിതത്തിൽ പരീക്ഷകൾ കുരിശിന്റെ രഹസ്യം മനസ്സിലാക്കാനും ക്രിസ്തുവിന്റെ സഹനങ്ങളിൽ പങ്കുചേരാനും നമ്മെ സഹായിക്കുന്നു (cf. കൊളോ 1,24). വിശ്വാസം നമ്മെ നയിക്കുന്നതിന്റെ ലക്ഷ്യമായ സന്തോഷത്തിന്റെയും പ്രത്യാശയുടെയും നാന്ദിയാണ് ജീവിതത്തിലെ പരീക്ഷകൾ: "ഞാൻ ദുർബലനായിരിക്കുമ്പോൾ ഞാൻ ശക്തനാണ്" (2 കോറി 12,10).

കർത്താവായ യേശു തിന്മയെയും മരണത്തെയും കീഴടക്കിയെന്ന് നാം ഉറച്ചു വിശ്വസിക്കുന്നു. ദൃഢമായ ഈ ആത്മധൈര്യത്തോടെ നാം നമ്മെത്തന്നെ അവിടത്തേക്കു സമർപ്പിക്കുന്നു. അവിടന്ന് നമ്മുടെ മധ്യത്തിലുണ്ട്. അവിടന്ന് ദുഷ്ടന്റെ ശക്തി കീഴടക്കുന്നു (cf. ലൂക്കാ 11,20). അവിടത്തെ കാരുണ്യത്തിന്റെ ദൃശ്യസമൂഹമായ സഭ പിതാവുമായുള്ള സുനിശ്ചിതമായ അനുരഞ്ജനത്തിന്റെ അടയാളമെന്ന നിലയിൽ അവിടത്തോടൊപ്പം വസിക്കുന്നു.

ദൈവകൃപയുടെ ഈ സമയം നമുക്ക് ദൈവമാതാവിന് സമർപ്പിക്കാം. വിശ്വസിച്ചതുകൊണ്ട് അനുഗൃഹീത (ലൂക്കാ 1,45) എന്നു പ്രഘോഷിക്കപ്പെട്ടവളാണ് ദൈവമാതാവ്.

റോമിൽ, സെന്റ് പീറ്റേഴ്സിൽ, 2011 ഒക്ടോബർ 11-ന്, എന്റെ പരമാചാര്യത്വത്തിന്റെ ഏഴാം വർഷം നല്കപ്പെട്ടത്.

**ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ**

**കുറിപ്പുകൾ:**

1. *Homily for the beginning of the Petrine Ministry of the Bishop of Rome* (24 April 2005): *AAS* 97 (2005), 710.
2. Cf. Benedict XVI, *Homily at Holy Mass in Lisbon's "Terreiro do Paço"* (11 May 2010): *Insegnamenti* VI:1 (2010), 673.
3. Cf. John Paul II, Apostolic Constitution *Fidei Depositum* (11 October 1992): *AAS* 86 (1994), 113-118.
4. Cf. *Final Report of the Second Extraordinary Synod of Bishops* (7 December 1985), II, B, a, 4 in *Enchiridion Vaticanum*, ix, n. 1797.
5. Paul VI, Apostolic Exhortation *Petrum et Paulum Apostolos* on the XIX centenary of the martyrdom of Saints Peter and Paul (22 February 1967): *AAS* 59 (1967), 196.
6. *Ibid*., 198.
7. Paul VI, *Credo of the People of God,* cf. Homily at Mass on the XIX centenary of the martyrdom of Saints Peter and Paul at the conclusion of the "Year of Faith" (30 June 1968): *AAS* 60 (1968), 433-445.
8. Paul VI, *General Audience* (14 June 1967): *Insegnamenti* V (1967), 801.
9. John Paul II, Apostolic Letter *Novo Millennio Ineunte* (6 January 2001), 57: *AAS* 93 (2001), 308.
10. *Address to the Roman Curia* (22 December 2005): *AAS* 98 (2006), 52.
11. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 8.
12. *De Utilitate Credendi*, I:2.
13. Cf. Saint Augustine, *Confessions*, I:1.
14. Second Vatican Ecumenical Council, Constitution on the Sacred Liturgy *Sacrosanctum Concilium*, 10.
15. Cf. John Paul II, Apostolic Constitution *Fidei Depositum* (11 October 1992): *AAS* 86 (1994), 116.

16. *Sermo* 215:1.

17. *Catechism of the Catholic Church*, 167.

18. Cf. First Vatican Ecumenical Council, Dogmatic Constitution on the Catholic Faith *Dei Filius*, chap. III: DS 3008-3009: Second Vatican Ecumenical Council, Dogmatic Constitution on Divine Revelation *Dei Verbum*, 5.

19. Benedict XVI, *Address at the Collège des Bernardins*, Paris (12 September 2008): *AAS* 100 (2008), 722.

20. Cf. Saint Augustine, *Confessions*, XIII:1.

21. John Paul II, Apostolic Constitution *Fidei Depositum* (11 October 1992): *AAS* 86 (1994), 115 and 117.

22. Cf. John Paul II, Encyclical Letter *Fides et Ratio* (14 September 1998), 34, 106: *AAS* 91 (1999), 31-32, 86-87.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025/19.06.2012/Ref: 2543/K 35/OL/KCBC/DS